(ബി) താഴെപ്പറയുന്ന ക്ഷേത്രങ്ങൾക്ക് കണ്ണവം റെയിഞ്ചിലെ വനങ്ങളിൽനിന്നും തേക്ക് മരങ്ങൾ നൽകിയിട്ടുണ്ട്.

ക്രമ നമ്പർ	ക്ഷേത്രത്തിന്റെ പേര്	സ്ഥലം	തേക്കുമരങ്ങളുടെ വിവരം.
1.	ശ്രീരാമപുരം മഹാവിഷ്ണുക്ഷേത്രം	പഴയങ്ങാടി	1.392 ക്യു. മീറ്റർ
2.	ശ്രീ കൂർമ്പ ഭഗവതി ക്ഷേത്രം	മുഴുപ്പിലങ്ങാട്	0.919 ,,
3.	ബാരശ്രീ മഹാവിഷ്ണുക്ഷേത്രം	കാസർഗോഡ്	2.103 ,,

(സി) 1.392 ക്യു. മീറ്റർ തേക്കുമരം 79,055 രൂപയ്ക്കും 0.919 ക്യു. മീറ്റർ തേക്കുമരം 42,798 രൂപയ്ക്കും 2.103 ക്യു. മീറ്റർ തേക്കുമരം 1,19,434 രൂപയ്ക്കുമാണ് നൽകിയത്.

(ഡി) താഴെപ്പറയുന്ന ഉത്തരവുകൾപ്രകാരം ഉത്തരം (ബി)-യിൽ പറഞ്ഞിരിക്കുന്ന 3 ക്ഷേത്രങ്ങൾക്ക് തേക്ക് തടികൾ നൽകിയിട്ടുണ്ട്.

1. ജി.ഒ. (ആർ.റ്റി.) 141/02/വനം തീയതി 18-5-2002
2. ജി.ഒ. (ആർ.റ്റി.) 177/03/വനം തീയതി 7-4-2003
3. ജി.ഒ. (ആർ.റ്റി.) 202/03/വനം തീയതി 9-5-2003.

(ഇ) ഉത്തരം (ബി)-യിൽ പറഞ്ഞിട്ടുള്ള ക്ഷേത്രങ്ങളിൽ ഒന്നാമത്തേത് 23-1-2003-നും രണ്ടാമത്തെ മരം 11-4-2003-നും മൂന്നാമത്തേത് 1-7-2003-നുമാണ് മുറിച്ചു നീക്കം ചെയ്തത്.

കൂടുതൽ സ്കൂളുകളിൽ സ്പോർട്ട്സ് ഡിവിഷനുകൾ ആരംഭിക്കുവാൻ നടപടി

95 [4843] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ തലത്തിൽ കായിക വിദ്യാഭ്യാസ നിലവാരം ഉയർത്താൻ എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) കൂടുതൽ സ്കൂളുകളിൽ സ്പോർട്ട്സ് ഡിവിഷനുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ളതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തിയതിനുശേഷം കൂടുതൽ സ്കൂളുകളിൽ സ്പോർട്ട്സ് ഡിവിഷനുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ് എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സ്പോർട്ട്സ് ഹോസ്റ്റലുകൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ

96 [4844] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പോർട്ട്സ് ഹോസ്റ്റലുകൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആയതിന് കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന സഹായത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സ്പോർട്ട്സ് ഹോസ്റ്റലുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) സ്പോർട്ട്സ് ഹോസ്റ്റലുകളിലെ കുട്ടികളുടെ പ്രതിദിന മെസും അലവൻസും, കേന്ദ്രീകൃത സ്പോർട്ട്സ് ഹോസ്റ്റലുകളിലെ മെസ് ചാർജ് എന്നിവ വർദ്ധിപ്പിച്ചു. കൂടാതെ കുട്ടികൾക്ക് പരിശീലനത്തിനാവശ്യമായ സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങുകയും ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ടുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

(ബി) ഇപ്പോൾ ധനസഹായമൊന്നും ലഭിക്കുന്നില്ല.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിന് ബ്ലോക്ക് തലത്തിൽ പദ്ധതി

97 [4845] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്ട്സ് കൗൺസിലുമായി ബന്ധപ്പെടുത്തി ഗ്രാമീണ മേഖലയിലുള്ള ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിന് ബ്ലോക്ക് തലത്തിൽ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകാൻ സർക്കാർ തയ്യാറായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ഗ്രാമീണ മേഖലയിലുള്ള സ്പോർട്ട്സ് ക്ലബുകൾക്ക് ഇപ്പോൾ എന്തെല്ലാം സഹായങ്ങളാണ് ചെയ്തുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സ്പോർട്ട്സ് ക്ലബുകൾക്ക് സഹായങ്ങൾ നൽകുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ;

(ഡി) നിലവിൽ കെട്ടിടങ്ങൾ ഇല്ലാത്തതും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുമായ ഇത്തരം ക്ലബ്ബുകൾക്ക് കെട്ടിടം പണിയുന്നതിനും സ്പോർട്ട്സ് ഉപകരണങ്ങൾ നൽകുന്നതിനും എന്തെങ്കിലും പദ്ധതി ഉണ്ടോ?

ഉത്തരം

(എ) ഉണ്ട്. രജിസ്റ്റർ ചെയ്തിട്ടുള്ള ക്ലബ്ബുകളോട് കേരള സ്പോർട്ട്സ് കൗൺസിലിൽ പേര് രജിസ്റ്റർ ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അവർക്ക് സ്പോർട്ട്സ് ഉപകരണങ്ങൾ നൽകുന്നതിനായി ഒരു പദ്ധതി ആവിഷ്കരിച്ചുവരുന്നു.

(ബി) ഈ ക്ലബ്ബുകൾക്ക്, അവരുടെ അപേക്ഷ പരിഗണിച്ച് സ്പോർട്ട്സ് ഉപകരണങ്ങൾ, ലഭ്യതയനുസരിച്ച്, കേരള സ്പോർട്ട്സ് കൗൺസിൽവഴി വിതരണം ചെയ്തുവരുന്നു. കായികമേളകൾ സംഘടിപ്പിക്കുന്നതിന് രജിസ്റ്റേർഡ് സ്പോർട്ട്സ് ക്ലബ്ബുകൾക്ക് ധനസഹായം നൽകാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly